# സ്ഥാപനേതര സംരക്ഷണത്തിൽ പോറ്റിവളർത്തൽ

# Foster Care

KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS


**കേരള സംസ്ഥാന**

**ബാലാവകാശസംരക്ഷണ കമ്മീഷൻ**

**തിരുവനന്തപുരം**

**ഒക്ടോബർ 2018**

## ഉള്ളടക്കം


സ്ഥാപനേതര സംരക്ഷണത്തിൽ
പോറ്റിവളർത്തൽ 5

വിവിധ തരം പോറ്റി വളർത്തലുകൾ 7

# സ്ഥാപനേതര സംരക്ഷണത്തിൽ പോറ്റിവളർത്തൽ

എല്ലാ അന്വേഷണങ്ങൾക്കുമൊടുവിൽ അവസാന മാർഗം എന്ന നിലയിൽ മാത്രമേ കുട്ടികളെ സ്ഥാപനത്തിൽ പാർപ്പിക്കാൻ പാടുള്ളു.

ബാലനീതി നിയമം 2015, വകുപ്പ് 3 (XII)

മാതാപിതാക്കൾക്കുള്ള അവകാശങ്ങളും ചുമതലകളും നഷ്ടപ്പെടാതെ കുട്ടികളെ മറ്റൊരു കുടുംബത്തിൽ വളർത്തുന്നതാണ് പോറ്റി വളർത്തൽ (Foster Care).

കുടുംബത്തിൽ വേണ്ടത്ര സംരക്ഷണമോ പരിചരണമോ ലഭിക്കാത്തതും ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ കഴിയേണ്ടി വരുന്നതുമായ കുട്ടികളെ സ്നേഹപൂർണമായ കുടുംബാന്തരീക്ഷ ത്തിൽ പുനരധിവസിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം

# ഫോസ്റ്റർ
# കുടുംബങ്ങൾക്ക്
# നിയമസംരക്ഷണവും
# സേവന സഹായങ്ങളും



സ്നേഹപൂർണ്ണവും സുരക്ഷിതവുമായ കുടുംബ ജീവിതം ഓരോ കുട്ടിയുടെയും അവകാശമാണ്. കുട്ടിയുടെ മാനസികവും ശാരീരികവും വൈകാരികവുമായ വളർച്ചയ്ക്ക് കുടുംബാന്തരീക്ഷത്തിൽ മാതാപിതാക്കളോടും ബന്ധുക്കളോടുമൊപ്പം കഴിയേണ്ടത് അത്യാവശ്യമാണ്. കർശനമായ നിരീക്ഷണങ്ങളോടെ നിയമാനുസൃതമായി നടത്തുന്ന സ്ഥാപനേതര പോറ്റിവളർത്തൽ പദ്ധതി കുട്ടികളുടെ വികാസത്തിന് അവസരം നൽകുന്നു.

വീടിന്റെ പരിലാളനം അന്യമാകുന്നത് കുട്ടിയുടെ അവകാശങ്ങളുടെ ലംഘനമാകുന്നത് കൊണ്ടാണ് സ്ഥാപന വാസ സംരക്ഷണം അവസാന മാർഗമായിരിക്കണമെന്ന് ബാലനീതി നിയമം ഓർമ്മപ്പെടുത്തുന്നത്.

ശ്രദ്ധയും പരിചരണവും ആവശ്യമുള്ള കുട്ടികളെ ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ഉത്തരവ് പ്രകാരം ചുരുങ്ങിയ കാലത്തേക്കോ ദീർഘകാലത്തേക്കോ പോറ്റിവളർത്താൻ നൽകാമെന്ന് ബാലനീതി നിയമം, 2015, വകുപ്പ് 44 വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിന് അനുയോജ്യമായ കുടുംബത്തെ കണ്ടെത്തുന്നതും കുട്ടികളും കുടുംബങ്ങളും ശിശുസംരക്ഷണ യൂണിറ്റിന്റെ നിരന്തര നിരീക്ഷണത്തിലായിരിക്കുമെന്നതും ഇതിന്റെ പ്രത്യേകതയാണ്.

ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് (DCPU) ആണ് ഫോസ്റ്റർ കെയർ സംവിധാനത്തിന്റെ നോഡൽ ഓഫീസ്. ഏതെങ്കിലും

സാഹചര്യത്തിൽ വീടുകളിൽ സംരക്ഷിക്കാൻ പറ്റാത്ത കുട്ടികളെയും മാതാപിതാക്കൾക്കോ ബന്ധുക്കൾക്കോ DCPU വിൽ അപേക്ഷ നൽകി മറ്റു കുടുംബങ്ങളിലേയ്ക്കു വളർത്താനായി നൽകാം.

## വിവിധ തരം പോറ്റി വളർത്തലുകൾ

1. **വ്യക്തിഗത പോറ്റി വളർത്തൽ [Individual Foster Care]**

ഒരു കുട്ടിയെ മറ്റൊരു കുടുംബത്തിലേയ്ക്ക് പോറ്റി വളർത്തലിനായി നൽകൽ ഇത് ഹ്രസ്വകാലത്തേക്കോ ദീർഘകാലത്തേക്കോ എന്ന് ചൈൽഡ് വെൽഫെയർ കമ്മിറ്റി തീരുമാനിക്കും.

2. **ഒന്നിലധികം കുട്ടികളെ പോറ്റി വളർത്തൽ [Group Foster Care]**

പരമാവധി എട്ട് കുട്ടികളെ വരെ ഒരേ കുടുംബാന്തരീക്ഷത്തിൽ വളർത്തൽ. അനുയോജ്യരായവർക്ക് കുട്ടികളെ വളർത്തുന്നതിനുള്ള ധനസഹായവും നൽകുന്നു.



3. **ബന്ധുക്കളുടെ കൂടെ നിർത്തൽ [Kinship Foster Care]**

കുട്ടിയുടെ ബന്ധത്തിൽപ്പെട്ട വ്യക്തിക്ക് നിയമപ്രകാരം പോറ്റി വളർത്തലിന് നൽകൽ.

4. **അവധിക്കാല പരിപാലനം [Vacation Foster Care]**

അവധിക്കാലത്ത് ബാലസംരക്ഷണസ്ഥാപനങ്ങളിൽ നിന്ന് വീട്ടിലേക്കു പോകാൻ സാധിക്കാത്ത കുട്ടികൾക്ക് താൽക്കാലികമായി വീടിന്റെ അന്തരീക്ഷം നൽകൽ.

5. **ഇടക്കാല പോറ്റി വളർത്തൽ [Respite Foster Care]**

ഉപേക്ഷിക്കപ്പെട്ട കുട്ടിയെ മറ്റൊരു പുനരധിവാസ സംവിധാനം ഉണ്ടാകുന്നതു വരെ സ്ഥാപനത്തിൽ നിർത്താതെ കുടുംബത്തിൽ കൂടെ നിർത്തൽ.

**എങ്ങനെയുള്ള കുട്ടികൾ?**

- കുടുംബത്തിൽ സംരക്ഷണമോ പരിചരണമോ ലഭിക്കാത്ത കുട്ടികൾ
- നിയമപരമായി ദത്ത് നൽകാൻ കഴിയാത്ത കുട്ടികൾ
- മാതാപിതാക്കളുടെ അനാരോഗ്യം, മരണം, കുടുംബ പ്രതിസന്ധികൾ എന്നിവമൂലം സംരക്ഷണവും പരിചരണവും ലഭിക്കാത്ത കുട്ടികൾ
- മാതാപിതാക്കളിൽ ഒരാൾ കുടുംബം ഉപേക്ഷിച്ചതുമൂലം ശ്രദ്ധയും സംരക്ഷണവും ലഭിക്കാത്ത കുട്ടികൾ
- മാനസിക രോഗമുള്ളവരുടെ കുട്ടികൾ.

**രക്ഷിതാവിനു വേണ്ട യോഗ്യതകൾ**

- 35 നു മേൽ പ്രായമുള്ള ഇന്ത്യൻ പൗരത്വമുള്ള ദമ്പതികൾ
- ഏകരക്ഷിതാവായ വ്യക്തി
- കുട്ടിയുടെ ബന്ധത്തിൽപ്പെട്ടവർ
- ഒന്നിലധികം കുട്ടികളുടെ സംരക്ഷണം ഏറ്റെടുക്കാൻ താത്പര്യമുള്ള വ്യക്തികളോ കുടുംബങ്ങളോ

**നടപടിക്രമങ്ങൾ:**

- ജില്ലാ ശിശുസംരക്ഷണ യൂണിറ്റുകൾ വഴി അപേക്ഷിക്കണം
- അപേക്ഷയോടൊപ്പം

1) തിരിച്ചറിയൽ രേഖ (ആധാർ രേഖ)
2) വൈദ്യ പരിശോധന റിപ്പോർട്ട്
3) വിവാഹ സർട്ടിഫിക്കറ്റ് (ബാധകമെങ്കിൽ)
4) കുടുംബ ഫോട്ടോ (ബാധകമെങ്കിൽ)
5) വരുമാന സർട്ടിഫിക്കറ്റ് എന്നിവ സമർപ്പിക്കണം.

- പ്രാഥമിക പരിശോധനയ്ക്ക് ശേഷം ജില്ലാ ശിശു സംരക്ഷണ യൂണിറ്റിലെ ജീവനക്കാർ അപേക്ഷകരുടെ വീടും നാടും സന്ദർശിച്ച് കുടുംബ പഠന റിപ്പോർട്ട് തയ്യാറാക്കുന്നു.

- കുടുംബപഠന റിപ്പോർട്ട് വിലയിരുത്തി ഫോസ്റ്റർ രക്ഷിതാക്കളെ കണ്ടെത്തുന്നു. ഇവർക്ക് ജില്ലാ ശിശു സംരക്ഷണ യൂണിറ്റിലെ കൗൺസലർ/സോഷ്യൽ വർക്കർ പോറ്റിവളർത്തൽ ശരിയായ രീതിയിൽ നിർവഹിക്കുന്നതിനുള്ള കൗൺസലിംഗ് നൽകുന്നു.

- ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ അനുമതിയോടെ ആദ്യ രണ്ട് ദിവസം രക്ഷിതാക്കൾക്ക് കുട്ടി താമസിക്കുന്ന സ്ഥലത്തെത്തി പരസ്പരം പരിചയപ്പെടാം.

- തുടർന്ന് അധികൃതരുടെ സാന്നിധ്യത്തിൽ പൊതുസ്ഥലത്ത് കുട്ടിയെ എത്തിച്ച് കൂടുതൽ പരിചയപ്പെടലും സാധ്യമാകും.

- ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ഉത്തരവ് പ്രകാരം കുട്ടിയെ വിട്ടയയ്ക്കുന്നു.

**തുടരന്വേഷണങ്ങൾ [Follow up]**

- ജില്ലാ ശിശു സംരക്ഷണ ഓഫീസിലെ പ്രൊട്ടക്ഷൻ ഓഫീസർ ഒരാഴ്ചയ്ക്കുള്ളിൽ ആദ്യത്തെ ഫോളോ അപ് നടത്തുന്നു.

- തുടർന്ന് പ്രൊട്ടക്ഷൻ ഓഫീസറുടെ സഹായത്തോടെ അവലോകനം നടത്തി സാഹചര്യമനുസരിച്ച് കാലാവധി നീട്ടുന്നതിന് CWC തീരുമാനമെടുക്കുന്നു.

❍ യഥാർത്ഥ മാതാപിതാക്കൾക്ക് കുട്ടിയെ കാണുന്നതിന് ചൈൽഡ് വെൽഫെയർ കമ്മിറ്റി മുൻപാകെ കുട്ടിയെ എത്തിക്കുന്നതാണ്.

❖❖❖❖


എനിക്ക് വേണം
കുടുംബം
പോറ്റിവളർത്തൽ
FOSTER CARE
വീടിന്റെ പരിലാളനം
കുട്ടിയുടെ അവകാശം
കുട്ടികളെ പോറ്റിവളർത്താൻ
നിയമസുരക്ഷയും
കരുതലും സഹായവും
കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ